"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-തിരുവനന്തപുരം മൃഗശാലയിൽ അനിമൽ കീപ്പർ തസ്തികയിൽ ജോലി ചെയ്ത് വരവേ രാജവെമ്പാലയുടെ കടിയേറ്റ് മരണമടഞ്ഞ ശ്രീ.എ.ഹർഷാദ്-ന്റെ കുടുംബത്തിന് കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിൽ ഇളവ് നൽകി 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

G.O.(Rt)No.205/2021/F&WLD തീയതി,തിരുവനന്തപുരം, 09/07/2021

---

പരാമർശം:- 1. സ.ഉ.(കൈ).നം.17/2008/വനം തിയ്യതി 05.04.2018

2. മൃഗശാല ഡയറക്ടറുടെ 05/07/2021-le എം.ഇസഡ്. (എഫ്) 2794/2021 നമ്പർ കത്ത്.

3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03.07.2021-ലെ എ.5/339402/2021 നമ്പർ കത്ത്.

4. സാംസ്കാരിക കാര്യ (ബി) വകുപ്പിന്റെ 09.07.2021-ലെ .P.F-18/ബി/2021/സാം.കാ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം മൃഗശാല ജീവനക്കാരനായിരുന്ന ശ്രീ. എ.ഹർഷാദ് (45വയസ്സ്) 01/07/2021-ന് ഉച്ചയ്ക്ക് 12.30നും 1.00 മണിക്കും ഇടയിൽ പാമ്പുകളുടെ കൂട് വൃത്തിയാക്കുന്നതിനിടയിൽ രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ടിട്ടുള്ളതാണെന്നും, ഹർഷാദിന്റെ മരണം അസാധാരണമായ സംഭവമായതിനാൽ പ്രത്യേക മാനുഷിക പരിഗണന നൽകി കുടുംബത്തിന് പരമാവധി സാമ്പത്തിക സഹായം നൽകണമെന്നും മ്യൂസിയം മൃഗശാല ഡയറക്ടർ, പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് സെക്രട്ടറിയോടും, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോർസിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** കാട്ടാക്കട സ്വദേശിയായ ശ്രീ. എ.ഹർഷാദിന് ഭാര്യയും 12 വയസ്സായ ഒരു മകനുമുണ്ടെന്നും, കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ഹർഷാദിന്റേത് നിർദ്ധന കുടുംബമാണെന്നും പരാമർശം (2) (3) പ്രകാരം മ്യൂസിയം മൃഗശാല ഡയറക്ടർ, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം പുറപ്പെടുവിച്ച പരാമർശം(1)ലെ ഉത്തരവ് പ്രകാരം, വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയാണ് നഷ്ടപരിഹാരം.

**4.** വനത്തിന് സമാനമായ ആവാസവ്യവസ്ഥ ഒരുക്കിയാണ് മൃഗശാലയിൽ പാമ്പുകളെ പാർപ്പിച്ചിരിക്കുന്നത്. ഇവയെ സംരക്ഷിക്കുന്ന കർത്തവ്യമാണ് ഹർഷാദ് നിർവ്വഹിച്ചുപോന്നത്. ആയതിനാൽ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ഉണ്ടായ ദാരുണമായ ഈ സംഭവം വനത്തിനുള്ളിൽ വച്ച് നടക്കുന്ന ആക്രമണം മൂലമുള്ള മരണത്തിന് സമാനമാണ്. ഹർഷാദ്-ന്റെ മരണത്തോടെ കുടുംബം നിരാലംബമായത് കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി, 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിൽ ഇളവു നൽകി, ടിയാന്റേത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, എ.ഹർഷാദ്-ന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം വനം വകുപ്പ് കൈകാര്യം ചെയ്യുന്ന "2406-01-800-56-MRMAC" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വൈൽഡ് ലൈഫ് )& ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
Principal Secretary

പകർപ്പ് :-

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

മൃഗശാല ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി ഷീജ.എ, പ്ലാവിള വീട്, കുട്ടപ്പു, അമ്പൂരി(പി.ഒ), തിരുവനന്തപുരം-695505

സാംസ്കാരിക കാര്യ (ബി) വകുപ്പ് (09.07.2021-ലെ .P.F-18/ബി/2021/സാം.കാ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ്.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് ) ( 08.07.2021ലെ ഇനം നമ്പർ 106 പ്രകാരം)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ